No. CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2016
## ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്

സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ലഭിച്ചിട്ടുള്ള അലോട്ട്മെന്റിൽ തൃപ്തരല്ലാത്തതിനാലോ മറ്റേതെങ്കിലും കാരണങ്ങളാലോ അഡ്മിഷൻ റദ്ദ് ചെയ്യണമെന്നുള്ളവർക്ക് **2016 സെപ്റ്റംബർ 20 (ചൊവ്വാഴ്ച) വൈകുന്നേരം 5** മണിയ്ക്ക് മുൻപായി കോളേജുകളിൽ നിന്നും ടി.സി യും അനുബന്ധ രേഖകളും വാങ്ങി നിലവിലെ പ്രവേശനം റദ്ദ് ചെയ്യാവുന്നതാണ്. മേൽപറഞ്ഞ സമയത്തിനകം പ്രവേശനം റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ പ്രകാരമുള്ള പിഴ (ലിക്വിഡേറ്റഡ് ഡാമേജസ്) ഒടുക്കേണ്ടതില്ല.

**2016 സെപ്റ്റംബർ 20 വൈകുന്നേരം 5.30** മണിക്ക് ശേഷം എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ നിന്നും വിടുതൽ നേടുന്ന വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസായി **10 ലക്ഷം** രൂപ (എം.ബി.ബി.എസ്)/ **5 ലക്ഷം** രൂപ (ബി.ഡി.എസ്) ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും, ഇവരെ തുടർന്നുള്ള രണ്ടു വർഷത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ എഴുതുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതുമാണ്.

**സ്പോട്ട് അലോട്ട്മെന്റ്:**

**2016 സെപ്റ്റംബർ 20** ന് ശേഷം സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ സർക്കാർ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **22.09.2016 (വ്യാഴാഴ്ച) രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അലോട്ട്മെന്റ് കോളേജുതലത്തിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് നടത്തുന്നതാണ്.

(ii) നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിലൂടെ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ ഒഴിവാക്കപ്പെടുന്ന സീറ്റുകളും അപ്പപ്പോൾ തന്നെ നികത്തുന്നതാണ്.

(iii) ഒരേ കോഴ്സിന് ഒരു സർക്കാർ കോളേജിൽ നിന്ന് മറ്റൊരു സർക്കാർ കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ കോളേജിലേയ്ക്കോ മാറ്റം അനുവദിക്കുന്നതല്ല.

(iv) ഒരു കോഴ്സിൽ നിന്നും മറ്റൊരു കോഴ്സിലേയ്ക്കോ, ഒരേ കോഴ്സിൽ തന്നെ സ്വാശ്രയ കോളേജിൽ നിന്നും സർക്കാർ കോളേജിലേയ്ക്കോ മറിച്ചോ മാറ്റം അനുവദിക്കുന്നതാണ്.

(v) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(vi) പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ അല്ലാതെ സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും കോഴ്സ്/കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ കോളേജുകളിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ല എന്ന് കാണിക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (**No Objection Certificate**), പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(vii) പുതുതായി സർക്കാർ മെഡിക്കൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **25,000/– രൂപ**യും, സർക്കാർ ഡെന്റൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **23,000/– രൂപ**യും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **10,000/– രൂപ**യും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്. ബാക്കി തുക പ്രവേശന സമയത്ത് കോളേജുകളിൽ ഒടുക്കേണ്ടതാണ്.

(viii) സ്പോട്ട് അലോട്ട്മെന്റിന് വിദ്യാർത്ഥികൾ നേരിട്ട് ഹാജരാകേണ്ടതാണ്.

(ix) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സ് പ്രവേശനത്തിന് യോഗ്യത നേടിയതുമായ വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

**കുറിപ്പ്:– ഓരോ കോഴ്സിലെയും ഒഴിവുള്ള സീറ്റുകളുടെ വിവരവും, ഓരോ കാറ്റഗറിയിലും ഏതു റാങ്ക് വരെയുള്ള വർക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാമെന്നുള്ളതും സംബന്ധിച്ച വിശദാംശങ്ങൾ 20.09.2016 ന് രാത്രി www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
19.09.2016

പ്രവേശന പരീക്ഷാ കമ്മീഷണർ